സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം

103 (1158) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ ; ഇപ്രകാരം എത്ര അദ്ധ്യാപകരെ മടക്കി അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

1-10-2011-ലെ സ.ഉ.(പി)നമ്പർ 199/11/പൊ.വി.വ. പ്രകാരം സംരക്ഷിത അദ്ധ്യാപകർ അദ്ധ്യാപകബാങ്കിലേക്ക് മാറുന്നതും പേരന്റ് സ്കൂളുകളിൽ ഒഴിവുവരുമ്പോൾ അവിടെ നിയമിക്കുന്നതുമാണ്. 2010-11-ലെ തസ്തിക നിർണ്ണയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ 2939 പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉള്ളത്. ഇവരെ ഫലപ്രദമായി പുനർവിന്യസിക്കുന്നതു സംബന്ധിച്ചും അദ്ധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും ക്രമീകരിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ ഡയറക്ടർമാരുടെ നിയമനം

104 (1159) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വിദ്യാഭ്യാസ ഡയറക്ടർമാരായി നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) അപ്രകാരം നിയമിക്കപ്പെട്ടവർ ഏതൊക്കെ കാലയളവിൽ ഡയറക്ടർമാരായി ജോലി ചെയ്തിട്ടുണ്ട് എന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(സി) ഡയറക്ടറായി നിയമനം ലഭിക്കുന്ന ഐ.എ.എസ്. ഓഫീസർമാർ ചെറിയ കാലയളവിൽ തന്നെ ഒന്നുകിൽ ലീവ് എടുത്തോ അല്ലെങ്കിൽ സ്ഥലം മാറിയോ പോകുന്നതിന് എന്താണ് കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly